14

## ദൈവം

# എന്താണ് ദൈവികത്വം

റിച്ചാർഡ് സി. ട്രെഞ്ച് തന്റെ *സിനൊണിംസ്* ഓഫ് ദ *ന്യു ടെസ്റ്റ മെന്റിൽ* പറഞ്ഞു, പുതിയ നിയമത്തിൽ ദൈവത്തിനു ഉപയോഗിച്ചിരിക്കുന്ന തികഞ്ഞ വാക്കാണ് *തിയോറ്റെസ്* (കൊലൊസ്യർ 2:9),[1] അതു തർജ്ജിമ ചെയ്തതു "ദൈവികത്വം" (ഏവി, ഏ എസ് വി), "ഡീയിറ്റി" (എൻ എ എസ് ബി, എൻ ഐ വി), "ഡീയിറ്റി" (ആർഎസ്‌വി), അതു *തിയോസ്* എന്ന വാക്കു രൂപഭേദം വന്നതാണ്, "ദൈവം," എന്നു "ദ ഇംപ്ളോർഡ് വൺ." "ദൈവികത്വം," എന്ന വാക്കിൽ എത്രമാത്രം മൂർത്തമാക്കിയിട്ടുണ്ടെന്ന് ആർക്കും ഇപ്പോൾ അറിയില്ല. സോഫർ ഇയ്യോബിനെ വെല്ലുവിളിച്ചു, "ദൈവത്തിന്റെ അഗാധത്വം നിനക്കു ഗ്രഹിക്കാമോ? സർവ്വശക്തന്റെ സമ്പൂർണ്ണത നിനക്കു മനസ്സിലാകുമോ? (ഇയ്യോബു 11:7). ആർക്കും ആരാഞ്ഞുകൂടാത്തവണ്ണം "ദൈവ ഭക്തിയുടെ മർമ്മം വലിയതു'' എന്നു പൗലോസ് പറഞ്ഞിരിക്കുന്നു (1 തിമൊഥെയൊസ് 3:16). ദൈവത്തിന്റെ സമ്പൂർണ്ണത ഈ ജീവിതത്തിൽ മനസ്സിലാക്കുവാൻ സാധ്യമല്ല എന്നു അവൻ തിരിച്ചറിഞ്ഞു: "ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ, അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു!" (റോമർ 11:33).

പ്രായോഗികമായി, നാം, ദൈവത്തെ അറിയണമെന്നു അവൻ ആഗ്രഹിക്കുന്നുണ്ട്. നാം അങ്ങനെ ചെയ്താലേ നമുക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയൂ. "ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നേ നിത്യജീവൻ ആകുന്നു" (യോഹന്നാൻ 17:3). അസാധ്യമായതൊന്നും സ്നേഹവാനായ ദൈവം ആവശ്യപ്പെടുകയില്ല, അവന്റെ കല്പനകൾ ഒന്നും ഭാരമുള്ളവയല്ല (1 യോഹന്നാൻ 5:3). വഴിപോക്കനായ, മനുഷ്യനുപോലും, ദൈവത്തിന്റെ രക്ഷാപരിജ്ഞാനം അറിയുവാൻ കഴിയും (യെശയ്യാവു 35:8). "ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ" (എഫെസ്യർ 5:17).

## *'എലോഹിം* എന്ന വാക്ക്

ഗ്രീക്ക് വാക്ക് *തെയോസ്* സൂചിപ്പിക്കുന്നതു “ഇംപ്ലോർഡ് വൺ,” എന്നാണെങ്കിൽ എബ്രായ വാക്കായ *'എലോഹിം,* എന്നതിനു അതേ ആശയം വരുന്നതു, അർത്ഥമാക്കുന്നതു, “ഭയപ്പെടേണ്ടവൻ” അല്ലെങ്കിൽ “ബഹുമാനിക്കേണ്ടവൻ” എന്നാണ്.[2] അതുകൊണ്ട് *'എലോഹിം* അർത്ഥമാക്കുന്നതു ആരാധിക്കേണ്ടവൻ എന്നാണ്. എങ്ങനെയായാലും, ആ വാക്കു വ്യാകരണത്തിൽ ബഹുവചനവും അക്ഷരികമായി പുറപ്പാടു പുസ്തകം 20:3 ലേതുപോലെ തർജ്ജിമ “ഗോഡ്സ്,” എന്നാണ്: “ഞാനല്ലാതെ അന്യദൈവങ്ങൾ [*'എലോഹിം*] നിനക്കു ഉണ്ടാകരുത്.” ഉല്പത്തി 1:1 ലും അതേ രൂപമാണുള്ളത്: “ആദിയിൽ ദൈവം [*'എലോഹിം*] ആകാശവും ഭൂമിയും സൃഷ്ടിച്ചു.” ഈ ബഹുവചനം കാണുന്നതുകൊണ്ടു ചിലർ തെറ്റിദ്ധരിച്ചു ബൈബിളിൽ ഒന്നിലധികം ദൈവങ്ങളെ പഠിപ്പിക്കുന്നു എന്നു പറയാറുണ്ട്, അതുകൊണ്ട് അവർ ഉല്പത്തി 1:1 ഈ വിധത്തിൽ തർജ്ജിമ ചെയ്തേക്കാം. “ആദിയിൽ ദൈവങ്ങൾ ആകാശവും ഭൂമിയും സൃഷ്ടിച്ചു.” പക്ഷെ മറ്റു വേദഭാഗ ങ്ങളിൽ ഏകസത്യ ദൈവത്തിനു ഊന്നൽ കൊടുത്തിരിക്കുന്നതു കൊണ്ടു (ആവർത്തനപുസ്തകം 6:4; 1 കൊരിന്ത്യർ 8:6), ഒരു പണ്ഡി തനും ഉല്പത്തി 1:1 “ദൈവങ്ങൾ” എന്നു തർജ്ജിമ ചെയ്തില്ല. ഉല്പത്തി 1:1 പല ദൈവങ്ങൾ എന്നു പഠിപ്പിക്കുന്നില്ലെങ്കിൽ പിന്നെ എന്തുകൊണ്ടു *'എലോഹിം* എന്ന ബഹുവചന വാക്ക്? പുരാവസ്തു ശാസ്ത്രം കാണിക്കുന്നതു പണ്ടുള്ളവർ വലിയ ബഹുവചനമോ, ബഹുമാന സൂചക ബഹുവചനമോ, സംഖ്യാ ബഹുവചനത്തിനു പുറമെ ഉപയോഗിച്ചിട്ടുണ്ട്. ഈ ബഹുമാന ബഹുവചനം ഉല്പത്തി 42:30 ലും ഉണ്ട്, അവിടെ യോസേഫിന്റെ സഹോദരന്മാർ അക്ഷരികമായി പറഞ്ഞു, “ദ മാൻ, ദ ലോർഡ്സ് ഓഫ് ദ ലാന്റ് എന്നാണ്, മലയാളത്തിൽ അധിപതിയായവൻ.” മോശെ എഴുതിയ “ലോഡ്സ്” ബഹുവചനമാണ്. പക്ഷെ സന്ദർഭത്തിൽ ഒരു വ്യക്തിയേയുള്ളു, അതു യോസേഫാണ്. തൽഫലമായി തർജ്ജിമക്കാർ ബഹുവചനത്തെ ഏകവചനമായി തർജ്ജിമ ചെയ്തുകൊണ്ടു “ദ ലോർഡ് ഓഫ് ദ ലാന്റ്” എന്നാക്കി.

തിരുവെഴുത്തിൽ ദൈവം (*'എലോവ*) ഏക വചനത്തിൽ കാണുന്നതു വളരെ വിരളമായിട്ടാണ്, എന്നാൽ ബഹുവചനത്തിൽ, 2,570 പ്രാവശ്യം കാണുന്നുണ്ട്. അതുകൊണ്ട്, തർജ്ജിമക്കാർ ഉല്പത്തി 1:1 ഏകവചനത്തിൽ “ഗോഡ്” എന്ന വാക്കിൽ ജി വലിയ അക്ഷരത്തിലും എഴുതുവാനുള്ള കാരണം, വ്യക്തമാണ്. ഒരു ബൈബിൾ വിദ്യാർത്ഥിയും ഏതെങ്കിലും ഒരു ദേവനോ അല്ലെങ്കിൽ പല ദൈവങ്ങളോ പ്രപഞ്ചത്തിന്റെ സൃഷ്ടാക്കളാണ് എന്നു പറയുകയില്ല.

## ത്രിത്വം

*'എലോഹിം* എന്ന ബഹുവചനരൂപത്തിനു മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. ബൈബിൾ ദൈവികത്വം ഏക ഘടകമാണെങ്കിലും (*എഹാദ്* എന്നു ആവർത്തന പുസ്തകം 6:4 ലും; *ഹെയിസ്* എന്നു 1 കൊരിന്ത്യർ 8:6 ലും കാണാം). അവൻ ത്രീയേകനുമാണ്, ഒരു ത്രിത്വം. ഉല്പത്തി

1:26-ൽ ദൈവം പറഞ്ഞു, "നമുക്കു നമ്മുടെ സാദൃശത്തിൽ മനുഷ്യനെ ഉണ്ടാക്കുക." ബൈബിളിലെ രണ്ടാമത്തെ വാക്യം പറയുന്നതു ദൈവത്തിന്റെ ആത്മാവു സൃഷ്ടിത്വത്തിൽ പങ്കു വഹിച്ചിരുന്നു എന്നാണ്. മറ്റു വാക്യങ്ങളിൽ നിന്നും (യോഹന്നാൻ 1:3; കൊലൊസ്യർ 1:16) യേശുവിനും സൃഷ്ടിത്വത്തിൽ പങ്കുണ്ടായിരുന്നു എന്നു വ്യക്തമാണ്. അപ്പോൾ, ദൈവികത്വം മൂന്നു വ്യക്തികളാണ്. എങ്ങനെ മൂന്നു വ്യക്തികൾ ഒന്നാകുന്നു എന്നോ ഒരു വ്യക്തി എങ്ങനെ മൂന്നാകുന്നു എന്നോ വെളിപ്പെടുത്തിയിട്ടുണ്ട് (ആവർത്തന പുസ്തകം 29:29), എന്നാൽ ബൈബിൾ വസ്തുത തർക്കമറ്റതാണ്.

## പിതാവായ ദൈവം

സഹോദരങ്ങൾ സമാധാന ബന്ധത്തിൽ ഐകമത്യരായിരിക്കണമെന്നതു വിശ്വാസകാര്യങ്ങളിൽ, വളരെ വിലമതിക്കുന്നതാണ്, "ആത്മാവു ഒന്ന്, ... കർത്താവു ഒരുവൻ, ... [ഉം] എല്ലാവർക്കും പിതാവും ദൈവവും ആയവൻ ഒന്ന്" (എഫെസ്യർ 4:4-6). യേശു പിതാവാണെന്നു അവകാശപ്പെട്ടില്ല. (തനിക്കു സമയപരിധിയില്ല എന്നു പ്രതിഫലിപ്പിക്കുന്ന "നിത്യതയുടെ പിതാവു" എന്നു എടുക്കാൻ "നിത്യ പിതാവു" എന്ന യെശയ്യാവു 9:6 ലെ മുന്നറിയിപ്പു കൃത്യമായിരിക്കും.) യേശു' "പിതാവു" എന്നു വിളിച്ചവൻ, യേശു മനസ്സിലാക്കിയതനുസരിച്ചു, തന്നിൽ നിന്നു വേറിട്ട, താൻ ആശ്രയിച്ചവനും, പ്രാർത്ഥിച്ചവനും ആയിരുന്നു. അവന്റെ യാചനകൾ "പിതാവേ" എന്നു സംബോധന ചെയ്തു (യോഹന്നാൻ 17:1 ലേതുപോലെ), അവന്റെ പ്രസംഗങ്ങൾ സദസ്സിനോടായിരുന്നപ്പോൾ "നമ്മുടെ പിതാവു" എന്നും "നിങ്ങളുടെ സ്വർഗ്ഗീയ പിതാവു" എന്നുമായിരുന്നു (മത്തായി 5:45, 48). അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ പ്രപഞ്ചത്തിന്റെ ദൈവത്തെ "നമ്മുടെ പിതാവു" എന്നത്രേ (മത്തായി 6:9) പറഞ്ഞത്. ബേഥാന്യയിലെ സെമിത്തേരിയിൽ "യേശു തന്റെ കണ്ണുകളെ ഉയർത്തി, പറഞ്ഞു, 'പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു എന്നു ഞാൻ അറിയുന്നു; ...' "(യോഹന്നാൻ 11:41, 42).

യേശു ക്രൂശിലെ വേദനയോടു അടുത്തപ്പോൾ, അവൻ വികാരവിവശനായിത്തീർന്നു: "ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു; ഞാൻ എന്തു പറയേണ്ടു? 'പിതാവേ, ഈ നാഴികയിൽ നിന്നു എന്നെ രക്ഷിക്കേണമേ'? എങ്കിലും ഇതു നിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു. പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ" (യോഹന്നാൻ 12:27, 28). നില്ക്കുന്നവരിൽ ചിലർ വിചാരിച്ചതു ഇടിമുഴക്കം - കേട്ടതാണെന്നാണ്, മറ്റു ചിലർ വിചാരിച്ചതു ദൈവദൂതൻ യേശുവിനോടു സംസാരിച്ചതാണെന്നാണ്. "ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു, വീണ്ടും മഹത്വപ്പെടുത്തും" (യോഹന്നാൻ 12:28). ആ സംഭാഷണം മുഴുവൻ വ്യക്തമാക്കുന്നതു ദൈവികത്വത്തിലെ രണ്ടു വ്യക്തികൾ തമ്മിൽ ആശയവിനിമയം നടത്തുന്നതായിട്ടാണ്.

പിതാവിന്നു അരാമ്യവാക്കായ *അബ്ബാ* എന്നുപയോഗിച്ചിരി

ക്കുന്നതിനാൽ ചിലർ അതിനെ അസാധാരണ അടുപ്പത്തിന്റെ വികാരമായി കാണുവാൻ ശ്രമിച്ചു. എങ്ങനെയായാലും, *അബ്ബാ* എന്ന വാക്കിനു അതേ അർത്ഥമാണ് ഗ്രീക്കിൽ *പാറ്റെർ* എന്നതിനും അതിന്റെ ഇംഗ്ലീഷ് വാക്കായ "ഫാദർ" എന്നതിനും ഉള്ളത്. സ്പഷ്ടമായും, യേശു അരാമ്യഭാഷയിലേയും ഗ്രീക്കിലേയും രൂപം ഗദ്ശമെനയിൽ തന്റെ പ്രാർത്ഥനയിൽ ഉപയോഗിക്കയുണ്ടായി (മർക്കൊസ് 14:36). ജീവന്മേലും മരണത്തിന്മേലും ശക്തിയുള്ള, തന്നിൽ നിന്നു വേറിട്ട ഒരു വ്യക്തി യോടായിരുന്നു യേശു പ്രാർത്ഥിച്ചത്. കൂടാതെ താൻ "പിതാവു" എന്നു വിളിച്ചുവന്നു; പാപം മോചിച്ചു കൊടുക്കുവാനുള്ള അധികാരവും ഉള്ളവനാണെന്നു അവൻ വിശ്വസിച്ചിരുന്നു. തന്നെ കൊല്ലുവാൻ ശ്രമിച്ചവർക്കു വേണ്ടി യേശു ക്രൂശിൽ വെച്ചു പ്രാർത്ഥിച്ചു, "പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്ക കൊണ്ടു ഇവരോടു ക്ഷമിക്കേണമേ എന്നു പറഞ്ഞു" (ലൂക്കൊസ് 23:34). "ദൈവം ആയ പരിശുദ്ധാത്മാവിൽ," നിന്നും "ദൈവം ആയ പുത്രനിൽ" നിന്നും വ്യത്യസ്തനാണ് പരമോന്നതനായ "പിതാവായ ദൈവം."

**ദൈവം ആയ പുത്രൻ**

"നമ്മുടെ സാദൃശത്തിൽ മനുഷ്യനെ ഉണ്ടാക്ക" എന്നു പിതാവായ ദൈവം പറഞ്ഞപ്പോൾ, അതിൽ, ദൈവമായ പുത്രനും ഉൾപ്പെട്ടിരുന്നു എന്നു നാം കണ്ടു കഴിഞ്ഞു (ഉല്പത്തി 1:26). പല വ്യാഖ്യാതാക്കളും വിശ്വസിക്കുന്നതു പഴയ നിയമത്തിലെ ദൈവിക ത്വത്തിലെ രണ്ടാം വ്യക്തിയാണ് "കർത്താവിന്റെ ദൂതൻ" എന്നാണ്. (നോക്കുക ഉല്പത്തി 16:7; 22:15, 16; 31:11, 13; പുറപ്പാട് 3:2–4.) എങ്ങനെ യായാലും, കർത്താവിന്റെ ദൂതൻ പുത്രനായ ദൈവം ആണെങ്കിൽ, അവനെ ആരാധിക്കുന്നതു തടയുമായിരുന്നില്ല (ന്യായാധിപന്മാർ 13:16). യേശുവിനെ സംബന്ധിച്ചു, പിതാവു കല്പിച്ചു, "ദൈവത്തിന്റെ സകലദൂതന്മാരും അവനെ നമസ്ക്കരിക്കേണം" (എബ്രായർ 1:6). കർത്താവിന്റെ ദൂതൻ പ്രധാന വ്യക്തിതന്നെയാണ്, പക്ഷെ അവൻ ദൈവികത്വത്തിലെ രണ്ടാമത്തെ വ്യക്തിയല്ല.

കിങ് ജെയിംസ് വെർഷനിൽ, നെബൂഖെദ്നേസറുടെ വാക്കുകൾ തീച്ചൂളയിൽ നാലുപേരെക്കുറിച്ചു പറയുന്നുണ്ട് ("... നാലാമത്തവന്റെ രൂപം ഒരു ദൈവപുത്രനോടു ഒത്തിരിക്കുന്നു എന്നു കല്പിച്ചു"; ദാനിയേൽ 3:25) ശദ്രക്, മേശക്, അബേദ്നെഗോ എന്നിവരോടൊപ്പം ഉണ്ടായിരുന്നതു യേശുവായിരുന്നു എന്നു ചിലർ കരുതുന്നു; അവൻ ആയിരിക്കാം; എന്നാൽ ആ വാക്കുകൾ "നാലാമത്തവന്റെ രൂപം ഒരു ദൈവപുത്രനോടു ഒത്തിരിക്കുന്നു'' എന്നാണ്. ഈ തർജ്ജിമ നെബുഖെദ്നേസ്സർ പറഞ്ഞതിനേക്കാൾ യോജിക്കുന്നതാണ്: ദൈവിക ത്വത്തിലെ രണ്ടാമനായ, ദൈവപുത്രനെ, അന്യദേവന്മാരെ സേവിക്കുന്ന നെബൂഖെദ്നേസറിനു അറിയില്ല.

എങ്ങനെയായാലും, ദൈവികത്വത്തിലെ രണ്ടാമൻ പഴയനിയമ കാലത്തു സജീവപ്രവർത്തി ചെയ്തിരുന്നു എന്നു, വ്യക്തമാണ്. അവൻ സൃഷ്ടികർത്താവു മാത്രമായിരുന്നില്ല, എന്നാൽ പിന്നീട്, യിസ്രായേൽ

മരുഭൂമിയിൽ ആയിരുന്നപ്പോൾ, അവൻ അവിടെയുമുണ്ടായിരുന്നു, ആത്മീയ പാറയായിട്ടായിരുന്നു. അവർ കുടിച്ചതു ആ പാറയിൽ നിന്നായിരുന്നു (1 കൊരിന്ത്യർ 10:4).

ഒരർത്ഥത്തിൽ, എല്ലാ മനുഷ്യരും ദൈവപുത്രന്മാരാണ് (നോക്കുക ലൂക്കൊസ് 3:38), ദൂതന്മാർ ദൈവത്തിന്റെ പുത്രന്മാരാണ് (ഇയ്യോബ് 1:6; 2:1); എന്നാൽ ദൈവപുത്രൻ യേശു മാത്രമാണ് (സങ്കീർത്തനങ്ങൾ 2:7; യോഹന്നാൻ 1:18). ഏക പ്രത്യേകതയിൽ, അവന്റെ തരത്തിൽ, അവൻ മാത്രമാണ്. അവൻ പരിശുദ്ധാത്മാവിനാൽ കന്യകാ മറിയയിലൂടെ ജനിച്ചു (ലൂക്കൊസ് 1:35), ഉത്തേജിപ്പിക്കുന്ന പിതാവായി അവൻ മുന്നറിയിക്കപ്പെട്ടിരിക്കുന്നതു ആവേശം ജനിപ്പിക്കുന്നതാണ് (“ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു”; സങ്കീർത്തനങ്ങൾ 2:7) എന്നതു ബേത്ത്ലഹേം ജനനത്തെ സൂചിപ്പിക്കുന്നതായി പറയുന്നില്ല. അതു സ്വർഗ്ഗീയ സന്തോഷത്തിന്റെ ആലങ്കാരികസൂചനയാണ് (ഒരു കുടുംബത്തിലെ കുഞ്ഞിന്റെ ജനനസന്തോഷം താരതമ്യം ചെയ്യുക) യേശു ഉയിർത്തെഴുന്നേറ്റു രാജാവായി കിരീടധാരിയാവുകയും പുരോഹിതനായി അഭിഷേകം ചെയ്യുകയും ചെയ്തപ്പോൾ സ്വർഗ്ഗം സന്തോഷിച്ചു (പ്രവൃത്തികൾ 13:33; എബ്രായർ 1:5; 5:5).

ദൈവികത്വത്തിലെ രണ്ടാമത്തെ വ്യക്തി എന്ന നിലയ്ക്കു, അവൻ അക്ഷരികമായി ഒരിക്കലും ജനിക്കുന്നില്ല. കാരണം ജനിച്ച മകനു പിതാവിനോളം പ്രായം ഉണ്ടാവുകയില്ല. യേശു ജനിച്ചിരുന്നെങ്കിൽ അവൻ ആദ്യൻ ആകുകയില്ല (വെളിപ്പാട് 1:17). ദൈവം സൃഷ്ടിച്ചതിലും ആദ്യമായിരുന്നില്ല; അവൻ അതിന്റേയും ആരംഭം ആയിരുന്നു (വെളിപ്പാട് 3:14). അവൻ തന്നെ ആരംഭം ആയിരുന്നു (വെളിപ്പാട് 22:13). അവന്നു മുൻപു ഒന്നുമില്ല, കാരണം അവനു സമയമില്ല (മീഖാ 5:2; വെളിപ്പാട് 1:17). അതുകൊണ്ടു ആലങ്കാരിക ഭാഷയിൽ മാത്രമെ യേശുവിനെ ദൈവപുത്രൻ എന്നു വിളിക്കാവൂ. അവൻ ദൈവപുത്രൻ, എന്ന അർത്ഥത്തിൽ അവൻ സകല മനുഷ്യരെക്കാളും, ദൂതന്മാരെക്കാളും ഉയർന്നവനാണ്, ദൈവത്തിൽ നിന്നും ഒട്ടും കുറഞ്ഞവനുമല്ല. അവൻ പിതാവായ ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവു ആയ ദൈവത്തിൽ നിന്നും ഒട്ടും കുറഞ്ഞവനല്ല.

ഏ.ഡി. 30-ൽ പെന്തെക്കൊസ്തു നാളിലെ തന്റെ പുത്രന്റെ കിരീടധാരണ ദിവസത്തെ കുറിച്ചു മുന്നറിയിച്ചതാണ് മറ്റൊരു ആവേശകരമായ വസ്തുത: “ദൈവമേ, നിന്റെ സിംഹാസനം, എന്നും എന്നേക്കും ഇരിക്കുന്നു” (സങ്കീർത്തനങ്ങൾ 45:6). പിതാവു, പുത്രനെ ദൈവമെന്നു പറഞ്ഞിരിക്കുന്നതിനെ എബ്രായലേഖകനും ഊന്നി പറയുന്നുണ്ട്: “പുത്രനോടോ, ദൈവമേ, ‘നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളത്, ...’” (എബ്രായർ 1:8). റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ സങ്കീർത്തനങ്ങൾ 45:6 ലെ “ദൈവം” എന്ന വിവരണം നീക്കം ചെയ്തിരിക്കുന്നതു ദുഃഖകരമാണ്: “നിന്റെ ദൈവിക സിംഹാസനം എന്നേക്കും ഉള്ളത്.” റിവൈസ്ഡ് സ്റ്റാൻഡേർഡ് വെർഷൻ യേശുവിന്നു ദൈവിക സിംഹാസനം കൊടുക്കുന്നുണ്ട്, എന്നാൽ അവന്റെ ദൈവികത്വം നീക്കി കളഞ്ഞു.

ക്രിസ്തുവിന്റെ വരവിനെക്കുറിച്ചുള്ള മറ്റൊരു പ്രവചനം അവന്റെ ദൈവികത്വത്തിനു ആവശ്യമായിരുന്നു (അതു അവൻ കന്യകയിൽ ജനിക്കും എന്നായിരുന്നു; യെശയ്യാവു 7:14); അവൻ കന്യകയിൽ - ജനിച്ചില്ലായിരുന്നെങ്കിൽ, അവൻ നമ്മിൽ നിന്നു വ്യത്യസ്തൻ ആകുമായിരുന്നില്ല. അതേ വാക്യത്തിൽ അവന്റെ പേരും പ്രവചിച്ചിരിക്കുന്നതു "ഇമ്മാനുവേൽ," അവന്റെ കാര്യത്തിൽ അതു ദൈവികം ആണ്: "ദൈവം [നമ്മോടു] കൂടെ" (മത്തായി 1:23). ഒരു മർത്യനും ഉപയോഗിക്കുവാൻ പാടില്ലാത്തവയും യേശുവിനു മാത്രമുള്ളവയും ആയവയാണ് "അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു" (യെശയ്യാവു 9:6, 7).

ദൈവം മനുഷ്യനായി വരുന്നതിനെക്കുറിച്ചുള്ള മറ്റൊരു പ്രവചനമായിരുന്നു മീഖായുടേത്. അവിടെ ഉത്ഭവിക്കാത്ത ഒരാൾ ബേത്‌ലഹേമിൽ ജനിക്കും, അവൻ പുരാതനമേ ഉള്ളതാണ്, അവൻ എന്നേക്കുമുള്ളവൻ ആകുന്നു (മീഖാ 5:2).

യേശുദൈവപുത്രൻ എന്ന വ്യക്തവും ആലങ്കാരികവുമായ വിവരണം നല്കപ്പെട്ടിട്ടുണ്ട് (സങ്കീർത്തനങ്ങൾ 2:7). അതേ പദവി കേൾക്കത്തക്കവിധം, യേശു സ്നാനമേറ്റപ്പോൾ പിതാവു മറുരൂപമലയിൽ വെച്ച് വീണ്ടും നല്കുന്നുണ്ട് (മത്തായി 3:17; 17:5). യേശു വെള്ളത്തിന്മീതെ നടക്കുന്നതു കണ്ടപ്പോൾ, യേശു ദൈവപുത്രൻ ആണെന്നു പ്രഖ്യാപിച്ചു (മത്തായി 14:33). നസ്രായനായ തച്ചനെ ദൈവമായി കൈസര്യയിലെ ഫിലിപ്പിയയിൽ വെച്ചു പത്രൊസ് ഏറ്റു പറയുന്നുണ്ട് (മത്തായി 16:16).

ബൈബിൾ പണ്ഡിതന്മാർ യേശു "ദൈവം" എന്നു തർജ്ജിമ ചെയ്തിരിക്കുന്ന (യോഹന്നാൻ 1:1), യഹോവാ സാക്ഷിക്കാർ യേശു "ഒരു ദൈവം" ആക്കി ചുരുക്കിയിരിക്കയാണ്. തെറ്റായി നയിക്കപ്പെട്ടതുകൊണ്ടു ത്രിത്വം എന്ന ആശയത്തെ അവർ അവഗണിച്ചിരിക്കുന്നു, അങ്ങനെ യഹോവാ സാക്ഷിക്കാർ ബഹുദൈവങ്ങൾ ഉള്ളവരായി തീർന്നിരിക്കുന്നു. അവർ യേശുവിനെ "ദൈവത്തെ" "ഒരു ദൈവം" ആക്കി ചുരുക്കിയതിൽ (മൂലഗ്രീക്ക് അനുസരിച്ചു, അവർ പറയുന്നതു), വാക്യം 6-ൽ മാറ്റം വരുത്തിയിട്ടില്ല; യോഹന്നാൻ സ്നാപകനെ "ഒരു ദൈവം" അയച്ചു എന്നാക്കാൻ ധൈര്യപ്പെട്ടില്ല (അവിടെ ഗ്രീക്കു വാക്ക് മാറ്റിയില്ല). കൂടാതെ, യോഹന്നാൻ 20:28-ൽ, തോമസ് യേശുവിനോടു പറയുന്നതും, "എന്റെ കർത്താവും എന്റെ ഒരു ദൈവവുമായുള്ളോവേ" എന്നും ആയിരിക്കില്ല (അവിടെയും ഗ്രീക്കു ഒന്നുതന്നെ). യേശു "ഒരു ദൈവം" ആയിരുന്നു എന്നു അവർ വിശ്വസിക്കുന്നു, പക്ഷെ തോമസ് അങ്ങനെ വിചാരിച്ചു എന്നവർ അവകാശപ്പെടുന്നില്ല.

യേശുവിനെ ആരെങ്കിലും ദൈവത്തോടു സമനാക്കിയാൽ അവന്റെ ശത്രുക്കൾ അതു തടഞ്ഞിരുന്നു (യോഹന്നാൻ 5:18), എന്നാൽ ക്രിസ്തുവിന്റെ സ്വഭാവം ഊന്നിപ്പറയുന്നതു അവൻ ദൈവത്തോടു സമനാണ് എന്നു പൗലോസ് ഉറപ്പിച്ചു പറയുന്നു (ഫിലിപ്പിയർ 2:6). ആ അർത്ഥത്തിൽ, യേശു പറഞ്ഞു, താനും പിതാവും ഒന്നത്രേ (യോഹന്നാൻ

10:30). ഒരു വ്യക്തി എന്ന നിലയിൽ അവർ രണ്ടായിരുന്നു. എന്നാൽ ദൈവികസ്വഭാവം യേശുവിന്റേതു തന്നെ ആയിരുന്നു പിതാവിന്റേയും.

യേശുവിന്റെ അവകാശമായ താനും പിതാവും ഒന്നു എന്നു പറഞ്ഞതു – മനസ്സിലാക്കിയവർ അവനെ കല്ലെറിയുവാൻ ശ്രമിച്ചു, കാരണം അവൻ "ദൈവം" ആയിരുന്നു എന്നവർ മനസ്സിലാക്കി (യോഹന്നാൻ 10:33). ഒരു ഭൗമിക മകൻ, തന്റെ പിതാവിന്റെ മാംസവും രക്തവുമുള്ളവൻ ആകും, അതുപോലെ യേശുവിന്റെ സ്വഭാവവും (*കാരക്ടെർ ടെസ് ഹൃപോസ്റ്റാമോസ് ഔടൗ*; എബ്രായർ 1:3) തന്റെ പിതാവിന്റെ – തനിപ്പ കർപ്പായ സത്ത ആയിരുന്നു.

നാലാം നൂറ്റാണ്ടിലെ ആരിയന് യേശു തന്റെ പിതാവിനെ "പോലെ" (*ഹോമോയിസ്*) ആയിരുന്നു, എന്നാൽ അഥേനാസിയസ് പറഞ്ഞതു അവൻ സത്തയിൽ "ഒന്നുതന്നെ" (*ഹോമ്നോസ്*) ആയിരുന്നു.[3] ദൈവ സമ്പൂർണ്ണതയിൽ യേശുവിന്നു കുറവൊന്നുമില്ല; കാരണം ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും അവനിൽ ദേഹരൂപത്തിൽ വസിക്കുന്നു (കൊലൊസ്യർ 2:9).

### പരിശുദ്ധാത്മാവു എന്ന ദൈവം

ഭൗതിക സൃഷ്ടിത്വത്തിൽ പിതാവായ ദൈവവും, പുത്രനായ ദൈവവും മാത്രമല്ല, ദൈവത്തിന്റെ ആത്മാവും വെള്ളത്തിന്മീതെ (ഉല്പത്തി 1:2) പരിവർത്തിച്ചുകൊണ്ടിരുന്നു. ജീവന്റെ സൃഷ്ടിത്വത്തിലും അവൻ പങ്കെടുത്തിട്ടുണ്ട് (സങ്കീർത്തനങ്ങൾ 104:30; ഇയ്യോബ് 33:4). ഇസ്രായേലിന്റെ മദ്ധ്യത്തിൽ പരിശുദ്ധാത്മാവ് വസിച്ചു ന്യായാധിപന്മാരെയും പ്രവാചകന്മാരെയും ശ്വാസിയരാക്കി (സംഖ്യാപുസ്തകം 11:17, 25, 29; 2 ശമുവേൽ 23:2; ഹഗ്ഗായി 2:5), എന്നാൽ യിസ്രായേൽ പരിശുദ്ധാത്മാവിനോടു മത്സരിക്കുകയും ദുഃഖിപ്പിക്കയും ചെയ്തിരുന്നു (യെശയ്യാവു 63:10, 11). പരിശുദ്ധാത്മാവിനെ തന്നിൽ നിന്നു എടുത്തു കളയരുതേ എന്നു ദാവീദ് പ്രാർത്ഥിക്കുന്നുണ്ട് (സങ്കീർത്തനങ്ങൾ 51:11).

യേശു സ്നാനമേറ്റപ്പോൾ പരിശുദ്ധാത്മാവു അവനിൽ പ്രാവെന്നപോലെ ഇറങ്ങിവന്നു (മത്തായി 3:16); അങ്ങനെ യേശുവിൽ പരിശുദ്ധാത്മാവു പൂർണ്ണമായും നിറഞ്ഞിരുന്നു (യോഹന്നാൻ 3:34). അവന്റെ പ്രസംഗങ്ങളും കാരുണ്യ പ്രവൃത്തികളും സാധ്യമായതിന്റെ കാരണം, അവൻ പറഞ്ഞു, "കർത്താവിന്റെ ആത്മാവു എന്റെ മേൽ ഉണ്ട്" (ലൂക്കൊസ് 4:18; കൂടാതെ പ്രവൃത്തികൾ 10:38).

ലോകത്തിനു ലഭിക്കുവാൻ കഴിയാത്ത പരിശുദ്ധാത്മാവു എന്ന കാര്യസ്ഥനെ, സത്യത്തിന്റെ ആത്മാവിനെ അപ്പൊസ്തലന്മാരിൽ അയക്കുമെന്നു താൻ ഭൂമിയിൽ നിന്നു വിട്ടുപോകാറായപ്പോൾ വാഗ്ദാനം ചെയ്തു (യോഹന്നാൻ 14:16, 17; കെജെവിയും നോക്കുക). അവൻ അപ്പൊസ്തലന്മാരെ സകല സത്യവും ഉപദേശിക്കും, യേശു പഠിപ്പിച്ചതെല്ലാം അവരെ ഓർപ്പിക്കയും, വരുവാനിരിക്കുന്നതു അറിയിച്ചുകൊടുക്കയും ചെയ്യും (യോഹന്നാൻ 14:26; 16:13). പരിശുദ്ധാത്മാവു അവരിൽ വരുന്നതു സ്നാനമായി പറഞ്ഞിരിക്കുന്നു ("ബാപ്റ്റൈസ്ഡ്"; പ്രവൃത്തികൾ 1:5 ബി), അവനിൽ നിന്നു അവർക്കു

ശക്തി ലഭിക്കുകയും ചെയ്യും (വാക്യം 8). അവൻ അപ്പൊസ്തലന്മാരിൽ കൂടെ പ്രവർത്തിച്ചതിനെ ''ആത്മാവിന്റെ ശുശ്രൂഷ'' എന്നു വിളിച്ചിരിക്കുന്നു (2 കൊരിന്ത്യർ 3:8). അവനെ ദൂഷണം പറയുന്നതു ക്ഷമിക്കപ്പെടാത്ത പാപമാണ് (മത്തായി 12:32). ഒരർത്ഥത്തിൽ ദാവീദിലുണ്ടായിരുന്നതിൽ നിന്നു വ്യത്യസ്തമായി, പുതിയ നിയമ സഭയിലെ അംഗങ്ങൾക്കു പരിശുദ്ധാത്മാവു ലഭിക്കുന്നുണ്ട് (യോഹന്നാൻ 7:39; പ്രവൃത്തികൾ 2:38; 5:32; ഗലാത്യർ 4:6).

ആത്മാവിനു അസ്ഥിയും മാംസവുമില്ല (ലൂക്കൊസ് 24:39), എങ്കിലും ദൈവികത്വത്തിലെ മറ്റു രണ്ടംഗങ്ങളിൽ നിന്നു വേറിട്ടുള്ള ഒരു മനസ്സ് പരിശുദ്ധാത്മാവിനുണ്ട് (റോമർ 8:27). അവൻ എല്ലാം അറിയുന്നു (1 കൊരിന്ത്യർ 2:11). അവനു കേൾക്കാം, സംസാരിക്കാം, പ്രാർത്ഥിക്കാം (യോഹന്നാൻ 16:13; റോമർ 8:26). അവനു ദുഃഖിക്കുവാൻ കഴിയും (എഫെസ്യർ 4:30). അവനു സമയമില്ലാത്തവനാണ് (എബ്രായർ 9:14). പരിശുദ്ധാത്മാവിനോടു വ്യാജം പറയുന്നതു ദൈവത്തോടു വ്യാജം പറയുന്നതിനു തുല്യമാണ് (പ്രവൃത്തികൾ 5:3, 4) അവൻ ദൈവികത്വത്തിലെ മറ്റുരണ്ടംഗങ്ങളിൽ കുറവില്ലാത്തവൻ ആയതുകൊണ്ടു യേശു പറഞ്ഞു, സ്നാനമേല്ക്കുമ്പോൾ പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എടുക്കണം എന്ന്:

> യേശു അടുത്തുചെന്നു, “സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു” (മത്തായി 28:18-20).

### ബന്ധം

ദൈവികത്വത്തിലെ മൂന്നു വ്യക്തികളും തമ്മിലുള്ള ബന്ധം എന്താണ്? സ്വഭാവത്തിൽ പിതാവും പുത്രനും ആത്മാവും ഒന്നാണെങ്കിലും, അതായതു ദൈവികത്വത്തിൽ, ദൈവമായിട്ട് - എന്നാൽ അവർ അധികാരത്തിൽ ഒന്നല്ല. ഇപ്പോൾ, പുതിയ നിയമകാലത്തു, സകല അധികാരവും പുത്രനാണുള്ളത് (എഫെസ്യർ 1:23) അവൻ എല്ലാമത്രേ (കൊലൊസ്യർ 3:11). അവനെ അനാദരിക്കുന്നതു പിതാവിനെ അനാദരിക്കുന്നതിനുതുല്യമാണ് (യോഹന്നാൻ 5:23); എങ്കിലും ക്രിസ്തു ദൈവത്തിനുള്ളവൻ ആണ് (1 കൊരിന്ത്യർ 3:23), ക്രിസ്തുവിന്റെ തല പിതാവത്രേ (1 കൊരിന്ത്യർ 11:3). ദൈവം യേശുവിനേക്കാൾ വലിയവൻ (യോഹന്നാൻ 14:28); അവൻ എല്ലാവരേക്കാളും ശ്രേഷ്ഠൻ (യോഹന്നാൻ 10:29) സകലരിലും അവൻ മീതെയാണ് (എഫെസ്യർ 4:6). സ്വർഗ്ഗത്തിൽ ക്രിസ്തു തനിക്കു സകല അധികാരവും നല്കിയവനു കീഴ്പ്പെട്ടിരിക്കും (1 കൊരിന്ത്യർ 15:28).

പിതാവും ക്രിസ്തുവും പരിശുദ്ധാത്മാവിനെ ലോകത്തിലേക്കു അയക്കുന്നുണ്ട് (യോഹന്നാൻ 14:16; 15:26), അവൻ ചെയ്യുന്നതെല്ലാം ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നതായിരിക്കും (യോഹന്നാൻ 16:14). അപ്പോൾ, പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന ഉചിതമല്ല. ഇന്നു, ദൈവേഷ്ടത്താൽ, എല്ലാം പുത്രനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കല്പിപ്പാനുള്ള പരമാധികാരം പിതാവിനാണ്, പക്ഷെ അവന്റെ ഇഷ്ടം തല്ക്കാലത്തേക്കു, ക്രിസ്തീയ കാലഘട്ടത്തിൽ, പുത്രനു നല്കിയിരിക്കുകയാണ്. ഈ സാഹചര്യം ന്യായവിധി വരെ തുടരും, കാരണം പിതാവു ആരെയും ന്യായം വിധിക്കാതെ പുത്രനു നല്കിയിരിക്കുകയാണ് (യോഹന്നാൻ 5:22). പിന്നെ, സമയമില്ലായ്മയുടെ സമയം വരുമ്പോൾ, ദൈവിക വ്യവസ്ഥയിലെ ഏർപ്പാട് (പിതാവു ഒന്നാമൻ, പുത്രൻ രണ്ടാമൻ, പരിശുദ്ധാത്മാവു മൂന്നാമൻ) എന്ന നിലയിൽ വീണ്ടും പ്രവർത്തിക്കും.

---

കുറിപ്പുകൾ

[1]റിച്ചാർഡ് സി. ട്രെഞ്ച്, *സിനൊണിംസ് ഓഫ് ദ ന്യു ടെസ്റ്റമെന്റ്* (ലണ്ടൻ: എൻ.പി., 1880; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1978), 7. [2]വില്ല്യം ജെസേനിയസ്, *എ ഹീബ്രു ആന്റ് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്,* ട്രാൻസ്. എഡ്വേഡ് റോബിൻസൺ, ഇഡ്. ഫ്രാൻസിസ് ബൌൺ, എസ്. ആർ. ഡ്രൈവർ, ആന്റ് ചാൾസ് എ. ബ്രിഗ്സ് (ഓക്സ്ഫോർഡ്: ക്ലാരെൻഡൻ പ്രെസ്, 1957), 43. [3]ക്രിസ്തുവിന്റെ നിത്യസ്വഭാവത്തോടു വിയോജിപ്പു പ്രകടിപ്പിച്ച സഭാ പിതാക്കന്മാരായിരുന്നു ആരിയസും, അഥാനാസിയസും. ക്രിസ്തു താഴെയുള്ളവൻ എന്ന ആശയത്തെ ഏ.ഡി. 35-ൽ നിഖ്യാ സുന്നഹദോസിൽ ഖണ്ഡിക്കുകയുണ്ടായി, സൃഷ്ടിക്കപ്പെട്ടവനു ദൈവത്തിന്റെ നിത്യസ്വഭാവം ഉണ്ടാകയില്ല എന്നതായിരുന്നു അവരുടെ ആശയം.

© 2009 Truth for Today